# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*265 06.10.2016 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ എൻ.എം.ആർ ജീവനക്കാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി<br>,, കെ.കുഞ്ഞിരാമൻ<br>,, സി.കെ. ഹരീന്ദ്രൻ<br>,, പി.ടി.എ.റഹീം | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ റോഡുകളുടെ വശങ്ങളിലുള്ള ഓടകളിൽ മണ്ണടിഞ്ഞ് വെള്ളം ഒഴുകി പോകുന്നതിനുള്ള മാർഗ്ഗങ്ങൾ അടയുന്നതുമൂലം റോഡുകളിൽ വെള്ളക്കെട്ടുണ്ടായി നശിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) റോഡുകളിൽ ഉണ്ടാകുന്ന ചെറിയ കുഴികൾ യഥാസമയം അടയ്ക്കാൻ കഴിയാത്തതുമൂലം വലിയ ഗട്ടറുകളായി മാറുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി മഴക്കാലത്തിനു മുമ്പായി തന്നെ ഓടകളിലും, കലുങ്കുകളിലും മണ്ണടിഞ്ഞ് കിടക്കുന്നത് മാറ്റി വൃത്തിയാക്കി മഴവെള്ളം സുഗമമായി ഒഴുകിപോകാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഈ വർഷം ടി പ്രവൃത്തികൾക്കായി 19.29 കോടി രൂപ അനുവദിച്ചിട്ടുണ്ട്. റോഡുകളിലു ണ്ടാകുന്ന ചെറിയ കുഴികൾ premixed bitumen compound ഉപയോഗിച്ച് നികത്തി വരുന്നു. |
| സി) പൊതുമരാമത്ത് വകുപ്പിൽ എൻ.എം.ആർ (നോൺ മസ്ദൂർ റോൾ) ജീവനക്കാർ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സമ്പ്രദായം പുനസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) & ഡി) പൊതുമരാമത്ത് വകുപ്പിൽ എൻ.എം.ആർ (നോൺ മസ്ദൂർ റോൾ) ജീവനക്കാർ നിലവിലില്ല. റോഡുകളിൽ ഉണ്ടാകുന്ന കുഴികൾ യഥാസമയം അടയ്ക്കുന്നതിനും ഓടകൾ വൃത്തിയാക്കി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും റോഡിലെ അനധികൃത കൈയ്യേറ്റങ്ങൾ യഥാസമയം |

ഡി) റോഡുകളിൽ ഉണ്ടാകുന്ന കുഴികൾ യഥാസമയം അടയ്ക്കുന്നതിനും ഓടകൾ വൃത്തിയാക്കി വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിനും റോഡിലെ അനധികൃത കൈയ്യേറ്റങ്ങൾ യഥാസമയം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും എൻ.എം.ആർ. സമ്പ്രദായം പുനസ്ഥാപിക്കുക വഴി സാധിയ്ക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഒഴിവാക്കുന്നതിനും എൻ.എം.ആർ. സമ്പ്രദായം സഹായകരമായിരുന്നു. എന്നാൽ ആയത് ഇല്ലാത്ത സാഹചര്യത്തിൽ സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിന് വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കികൊണ്ടും എക്സി.എഞ്ചിനീയറെ ഹൈവേ അതോറിറ്റി ആയി നിയമിച്ചുകൊണ്ടും സ.ഉ.(കൈ) നം.63/16/പൊമവ പ്രകാരം ഉത്തരവായി നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സാഹചര്യത്തിൽ എൻ എം ആർ സമ്പ്രദായം പുന:സ്ഥാപിക്കേണ്ട സാഹചര്യം കാണുന്നില്ല. കൂടാതെ ഇത്തരം മെയിന്റനൻസ് പ്രവൃത്തികൾ നടത്തുന്നതിന് ഒരു മെയിന്റനൻസ് വിഭാഗം തുടങ്ങുന്ന കാര്യം സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ